LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത കർഷകരുടെ പ്രശ്നങ്ങൾ

62 [1194] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യങ്ങൾക്കായി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത കർഷകരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പണമിടപാട് ഉടമകൾ കർഷകരെ പീഡിപ്പിച്ചതായുള്ള കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കടക്കെണിയിൽ പെട്ടുപോയ ഇവരുടെ സമാശ്വാസത്തിനായി ഒരു പാക്കേജ് ആവിഷ്ക്കരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ ആന്റ് ബി) കൃഷിവകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. മറ്റ് ഏതെങ്കിലും നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ എന്നത് കൂട്ടായി ആലോചിച്ചതിനുശേഷമേ പറയുവാൻ കഴിയുകയുള്ളു.

തെങ്ങുരോഗ നിവാരണത്തിന് നടപടി

63 [1195] ശ്രീ. യു. സി. രാമൻ:
" സി. മമ്മൂട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" ടി. പി. എം. സാഹിർ:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുരോഗ നിവാരണത്തിന് ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിനാശം അനുഭവിക്കുന്ന കേരകർഷകരെ സഹായിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?